# എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ

## ഫെബ്രുവരി 2019

**ലക്കം : 02-2019**

***എല്ലാ എൻ ആർ ഐ ഇടപാടുകാർക്കും ഞങ്ങളുടെ ആശംസകൾ!!***




## ഡിസംബർ 2018ന്ന് അവസാനിച്ച പാദത്തിലെ സാമ്പത്തിക ഫലങ്ങൾ

**മെച്ചപ്പെട്ട അടിസ്ഥാനഘടകങ്ങളോടെ കനറാ ബാങ്ക് വളർച്ചയുടെ പാതയിൽ മുന്നേറുന്നു**

ഇന്ത്യയ്ക്കകത്ത് നൽകപ്പെട്ട വായ്പകളുടെ ശക്തമായ വർദ്ധനയുടേയും കാസാ നിക്ഷേപങ്ങളുടെ ആരോഗ്യകരമായ വളർച്ചയുടേയും സഹായത്തോടെ സാമ്പത്തിക വർഷം 2019ന്റെ മൂന്നാം പാദത്തിൽ കനറാ ബാങ്കിന്റെ മൊത്ത ലാഭം 152% വർഷാനുവർഷ വളർച്ചയോടുകൂടി 318 കോടി രൂപയായി ഉയർന്നു. ഈ കാലയളവിൽ ഇന്ത്യയ്ക്കകത്ത് നൽകപ്പെട്ട വായ്പകളിൽ 24.6% വർഷാനുവർഷ വളർച്ചയുണ്ടായപ്പോൾ കാസാ നിക്ഷേപങ്ങളിൽ 10.7% വർദ്ധനയുണ്ടായി. ഇതിൽ ഈ കാലയളവിൽ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളിൽ 11.42% വളർച്ചയുണ്ടായി. തൽഫലമായി ബാങ്കിന്റെ മൊത്തം പലിശ മാർജിൻ കഴിഞ്ഞ വർഷത്തെ 2.39%ൽ നിന്നും 2.65% ആയി ഉയർന്നു. നടപ്പ് സാമ്പത്തിക വർഷം 2019ന്റെ ആദ്യ 9 മാസങ്ങളിൽ പലിശയിനത്തിൽ ബാങ്കിന്റെ മൊത്തം ആദായത്തിൽ 19.6%ന്റെ ആരോഗ്യകരമായ വർഷാനുവർഷ വർദ്ധനയുണ്ടായി.

ഗാർഹിക ബിസിനസ്സിൽ 15.7%ന്റെ ഉയർന്ന വർഷാനുവർഷ വളർച്ചയുടെ ചിറകിലേറി ബാങ്കിന്റെ ഗ്ലോബൽ ബിസിനസ്സ് 13.2% വർദ്ധനയോടു കൂടി 9.93 ലക്ഷം കോടി രൂപയായി. നിക്ഷേപങ്ങളിൽ 16.1 ശതമാനത്തിന്റേയും വായ്പകളിൽ 15.1 ശതമാനത്തിന്റേയും വളർച്ചയിലൂടെയാണ് ഗാർഹിക ബിസിനസ്സ് വളർച്ച സാദ്ധ്യമായത്. തൽഫലമായി ഗാർഹിക ബാങ്കിങ്ങ് ബിസിനസ്സിൽ കനറാ ബാങ്കിന്റെ പങ്ക്, നിക്ഷേപങ്ങളിൽ 18 ബി പി എസ് വർഷാനുവർഷ വർദ്ധനയോടെ 4.33 ശതമാനവും, വായ്പകളിൽ 19 ബി പി എസ് വർഷാനുവർഷ വർദ്ധനയോടെ 4.34 ശതമാനവുമായി ഉയർ ന്നു. 72.50% വായ്പാ–നിക്ഷേപ അനുപാതത്തോടുകൂടി, ബാങ്കിന്റെ

ഗ്ലോബൽ നിക്ഷേപം 14.2% വളർച്ചയോടെ 5.76 ലക്ഷം കോടി രൂപയും, ഗോബൽ വയ്പകൾ 11.8% വളർച്ചയോടെ 4.17 ലക്ഷം കോടി രൂപയുമായി ഉയർന്നു. ബാങ്കിന്റെ കാസാ നിക്ഷേപ അനുപാതം 32.2 ശതമാനമായി.

ആസ്തി(വായ്പ)കളുടെ ഗുണമേന്മ ഉയർത്താനായി ബാങ്ക് കൈക്കൊണ്ട സംഘടിതമായ നടപടികളുടെ ഫലമായി, കുടിശ്ശികകളുടെ ഗണ്യമായ തുക തിരിച്ചുപിടിക്കുകയും വായ്പകളുടെ ഗുണനിലവാരം ഉയർത്തുകയും ചെയ്തതിലൂടെ മൊത്തം നിഷ്ക്രിയ ആസ്തികൾ 31 ബി പി എസ് കുറഞ്ഞ് 10.24%വും പലിശയും നീക്കിയിരിപ്പു തുകയും കഴിച്ചുള്ള നിഷ്ക്രിയ ആസ്തികൾ (17 ബി പി എസ് കുറഞ്ഞ്) 6.37 ശതമാനവുമായി കുറഞ്ഞു. രൊക്കമായി തിരിച്ചുപിടിച്ച സഞ്ചിത തുക ഡിസംബർ 2018ന്റെ അവസാനത്തിൽ 7927 കോടി രൂപയായിരുന്നു.കൂടാതെ നീക്കിയിരിപ്പ് തുകയുടെ അനുപാതം ഡിസംബർ 2017ലെ 55.18%ൽ നിന്നും 670 ബി പി എസ് മെച്ചപ്പെട്ട് 62.54 ശതമാനമായി.

12.21% സി ആർ എ ആർ, ബാങ്ക് ലക്ഷ്യം വെയ്ക്കുന്ന സഹജമായ വളർച്ചയ്ക്ക് മതിയായ സാഹചര്യം സൃഷ്ടിയ്ക്കുന്നുണ്ട്. അടുത്തിടെ സമാപിച്ച എംപ്ലോയീസ് സ്റ്റോക്ക് പർച്ചേസ് സ്കീം (ഇ എസ് പി എസ്) വഴി സമാഹരിച്ച 558 കോടി രൂപ സി ആർ എ ആറിനെ കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുന്നു. വാസ്തവത്തിൽ ബാങ്കിന്റെ ഇ എസ് പി എസ് സ്കീമിൽ വരിക്കാരാകാൻ ആഗ്രഹിച്ചത് 1.35 ഇരട്ടി ജീവനക്കാരാണെന്നത് അവരുടെ ശക്തമായ പങ്കാളിത്തം വിളിച്ചോതുന്നു.

മൂലധനം വർദ്ധിപ്പിക്കാനായി ബാങ്ക് കൈക്കൊണ്ട നടപടികൾ കാരണം അപായസാദ്ധ്യതയുള്ള ആസ്തികളുടെ സാന്ദ്രത ഡിസംബർ 2017ന്റെ അവസാനത്തോടെ 91.27 ശതമാനമായിരുന്നത് ഡിസംബർ18 അവസാനത്തോടെ 87.39 ശതമാനമായി കുറഞ്ഞു. മൂലധനത്തിന്റെ കാര്യത്തിൽ ബാങ്കിന്റെ തൃപ്തികരമായ നില വായ്പകളുടെ വർദ്ധനയ്ക്ക് സഹായകരമാകും. 8.81%ൽ സി ഇ ടി 1ഉം 9.54%ൽ ടയർ1 മൂലധനവും സ്വസ്ഥമായ നിലയിലാണ്.

മുന്നോട്ടുള്ള പ്രയാണത്തിൽ ബാങ്ക് കാര്യക്ഷമത വർദ്ധിപ്പിക്കാനായി ഡിജിറ്റലൈസേഷൻ കൂടുതലായി അനുവർത്തിച്ചുകൊണ്ട് ചില്ലറ വായപകളിലും വൻകിട വായ്പകളിലും സന്തുലിതമായ ഊന്നൽ നൽകിക്കൊണ്ട് ലാഭം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഉയർന്ന നിലവാരമുള്ള കോർപ്പറേറ്റ് വായ്പകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം തന്നെ ബാങ്ക് ചില്ലറ വായ്പകളുടെ വളർച്ചയും ലക്ഷ്യമാക്കുന്നു.

വളർച്ചയിലേക്ക് കുതിക്കുന്ന ബിസിനസ്സിനെ പിന്തുണക്കാനായി മതിയായ മൂലധനത്തോടു കൂടി ബാങ്കിംഗ് വ്യവസായത്തിലെ ഒന്നാംകിട സ്ഥാപനമായി തുടരുമെന്ന കാര്യത്തിൽ ബാങ്കിന്റെ മാനേജ്മെന്റിന് അതിയായ ആത്മവിശ്വാസമുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ തങ്ങളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്താനാകുമെന്നും മാനേജ്മെന്റിന് ഉറപ്പുണ്ട്.

## മുഖ്യ വിശദാംശങ്ങൾ

## 31 ഡിസംബർ 2018ന് അവസാനിച്ച പാദത്തിലെ സാമ്പത്തിക ഫലങ്ങൾ

### എ. ലാഭം സംബന്ധിച്ച മാനദണ്ഡങ്ങൾ

- സാമ്പത്തിക വർഷം 19ലെ 3ാം പാദത്തിലെ അറ്റ ലാഭം 126 കോടി രൂപയിൽ (സാമ്പത്തിക വർഷം 18ലെ 3ാം പാദം) നിന്ന് 152% വർഷാന്തവർഷ വർദ്ധനയോടു കൂടി 318 കോടി രൂപയായി ഉയർന്നു.
- സാ.വ.19ലെ 3ാംപാദത്തിലെ മൊത്ത ലാഭം കൂടി 2357 കോടി രൂപ. സാ.വ.18ലെ 3ാംപാദത്തിൽ ഇത് 2831 കോടി രൂപയായിരുന്നു.
- പലിശയിനത്തിൽ അറ്റാദായം സാ.വ.19ലെ 3ാംപാദത്തിൽ 3679 കോടി രൂപയിൽ നിന്ന് (സാ.വ.18 3ാം പാദം) 3814 കോടി രൂപയായി ഉയർന്നു. ഈ വർദ്ധനയ്ക്ക് കാരണം :
  - ✓ വായ്പകളിന്മേലുള്ള പലിശയുടെ ആരോഗ്യകരമായ വളർച്ചയും (25.18% വർഷാന്തവർഷം)
  - ✓ ബാങ്കിന്റെ നിക്ഷേപത്തുകകളിന്മേലുള്ള പലിശയുടെ വളർച്ചയുമാണ് (9.83% വർഷാന്തവർഷം)
- ആദായ നികുതിയിന്മേലുള്ള പലിശ ഒഴിച്ച് പലിശയിനത്തിൽ അറ്റാദായം 14.45% വർദ്ധനയോടെ 2814 കോടി രൂപയിൽ നിന്ന് 3366 കോടി രൂപയായി.

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

- സാ.വ.19ലെ 3ാംപാദത്തിൽ പലിശേതര ആദായം 1325 കോടി രൂപ. സാമ്പത്തിക വർഷം 18ലെ 3ാംപാദത്തിൽ ഇത് 1566 കോടി രൂപയായിരുന്നു.
  - ✓ സാ.വ.19ലെ 3ാംപാദത്തിൽ വ്യാപാരലാഭം ഒഴിച്ച് പലിശേതര ആദായം 6.29% വർഷാനുവർഷ വർദ്ധനയോടെ 1233 കോടി രൂപ

## ബി. ബിസിനസ്സ് സംബന്ധിച്ച മാനദണ്ഡങ്ങൾ :

- ഗ്ലോബൽ ബിസിനസ്സ് 13.20% വർഷാനുവർഷ വർദ്ധനയോടു കൂടി 9.93 ലക്ഷം കോടി രൂപയായി ഉയർന്നു.
  - ✓ ഗ്ലോബൽ നിക്ഷേപം 14.22% വർഷാനുവർഷ വർദ്ധനയോടു കൂടി 5.76 ലക്ഷം കോടി രൂപ.
  - ✓ ഗ്ലോബൽ വായ്പകൾ (തിരിച്ചടവ് കഴിച്ചുള്ള) ആരോഗ്യകരമായ 11.82% വർഷാനുവർഷ വളർച്ചയോടെ 4.17 ലക്ഷം കോടി രൂപ
- വായ്പകളിൽ ശക്തമായ വർദ്ധന (വർഷാനുവർഷം)
  - ✓ കൃഷി (11.20%), തീരെ ചെറിയ, ചെറുകിട–ഇടത്തരം ഉദ്യമങ്ങൾ (11.47%), ചില്ലറ വായ്പകൾ (24.95%),
  - ✓ പ്രത്യക്ഷ ഭവന വായ്പകൾ (20.41%), വാഹന വായ്പകൾ (34.40%), വിദ്യാഭ്യാസ വായ്പകൾ (6.01%) മറ്റ് വ്യക്തിഗത വായ്പകൾ(36.15%).
- മൊത്തം നിക്ഷേപത്തിൽ കാസയുടെ (ഗാർഹികം) വിഹിതം 32.23%.
  - ✓ കാസാ നിക്ഷേപം 10.66% വർഷാനുവർഷ വർദ്ധനയോടു കൂടി 1.74ലക്ഷം കോടി രൂപയായി ഉയർന്നു.

## സി. കാര്യശേഷി സംബന്ധിച്ച മാനദണ്ഡങ്ങൾ :

- നിക്ഷേപത്തുകയിന്മേലുള്ള ചെലവ് കഴിഞ്ഞ വർഷത്തെ 5.59%ൽ നിന്ന 5.60 ശതമാനമായി.
- വായ്പകളിൽ നിന്നുള്ള വരുമാനം കഴിഞ്ഞ വർഷം 8.21% ഉണ്ടായിരുന്നത് 8.49 ശതമാനമായി ഉയർന്നു.
- പലിശയുടെ മൊത്തം മാർജിൻ (ഗാർഹികം) 2.85 ശതമാനവും ഗ്ലോബൽ മാർജിൻ 2.65 ശതമാനവും.
- ആസ്തികളിൽ നിന്നുള്ള പ്രതിഫലം 0.20 ശതമാനവും, ഓഹരികളിന്മേലുള്ള പ്രതിലാഭം 5.01 ശതമാനവുമായി ഉയർന്നു.
- വരവ്–ചെലവ് അനുപാതം 51.45%.

## ഡി . ആസ്തികളുടെ ഗുണമേന്മ :

- മൊത്തം നിഷ്ക്രിയ ആസ്തികളുടെ അനുപാതം സെപ്തംബർ 2018ലെ 10.56%ൽ നിന്നും 31 ബേസിസ് പോയിന്റ് കുറഞ്ഞ് 10.25 ശതമാനമായി. പലിശയും നീക്കിയിരിപ്പു തുകയും കഴിച്ചുള്ള നിഷ്ക്രിയ ആസ്തികളുടെ അനുപാതം സെപ്തംബർ 2018ലെ 6.54%ൽ നിന്നും 17 ബേസിസ് പോയിന്റ് കുറഞ്ഞ് 6.37 ശതമാനമായി .
- ഈ മൂന്നുമാസ കാലയളവിൽ രൊക്കം പണമായി തിരിച്ചുപിടിച്ച മൊത്തം തുക 2814 കോടി രൂപ.
- വായ്പകളിന്മേലുള്ള നീക്കിയിരിപ്പു തുകയുടെ അനുപാതം കഴിഞ്ഞ വർഷത്തെ 55.81%ൽ നിന്ന് 62.54 ശതമാനമായി (670 ബേസിസ് പോയിന്റ്) ഉയർന്നു.

## ഇ. മറ്റുള്ളവ:

- മൂലധന പര്യാപ്തതാ അനുപാതം 12.21%.
- ശാഖകളുടെ എണ്ണം 6314, എ ടി എമ്മുകളുടെ എണ്ണം 9004
- ഈ–ഇടപാടുകളുടെ അനുപാതം കഴിഞ്ഞ വർഷത്തെ 76.22% ൽ നിന്നും 80.19 ശതമാനമായി ഉയർന്നു.
- 59.03 ലക്ഷം നെറ്റ് ബാങ്കിങ്ങ് ഉപയോക്താക്കൾ, മൊബൈൽ ബാങ്കിങ്ങിന്റെ പുതിയ വേർഷൻ ഉപയോക്താക്കളുടെ എണ്ണം 16.32 ലക്ഷം.

## ഡിസംബർ 2018ൽ അവസാനിച്ച പാദത്തിലെ സാമ്പത്തിക ഫലങ്ങളുടെ വിശദാംശങ്ങൾ

## എ. 31 ഡിസംബർ 2017 അപേക്ഷിച്ച് 31 ഡിസംബർ 2018ലെ ബിസിനസ്സ്:

- ഗ്ലോബൽ ബിസിനസ്സ് 13.20% വളർച്ചയോടെ 877010 കോടി രൂപയിൽ നിന്നും 992752കോടി രൂപയായി.
  - ✓ ഗാർഹിക ബിസിനസ്സ് 15.72% വളർച്ചയോടെ 807350 കോടി രൂപയിൽ നിന്നും 934252 കോടി രൂപയായി.

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

Canara Bank

- ഗ്ലോബൽ നിക്ഷേപത്തുക 14.22% വളർച്ചയോടെ 575525കോടി രൂപയായി.
  - ✓ ഗാർഹിക നിക്ഷേപത്തുക 16.11% വളർച്ചയോടെ 465249 കോടി രൂപയിൽ നിന്നും 540213 കോടി രൂപയായി.
- പലിശ കഴിച്ചുള്ള ഗ്ലോബൽ വായ്പാത്തുക 11.82% വളർച്ചയോടെ 417227 കോടി രൂപയായി.
  - ✓ പലിശ കഴിച്ചുള്ള ഗാർഹിക വായ്പാത്തുക 15.18% വളർച്ചയോടെ 342102കോടി രൂപയിൽ നിന്നും394039 കോടി രൂപയായി.
- ഓവർസീസ് ബിസിനസ്സ് മൊത്തം ബിസിനസ്സിന്റെ 5.89%
  - ✓ 7 വിദേശ ശാഖകളുടെ മൊത്തം ബിസിനസ്സ് 58501 കോടി രൂപ.
- വായ്പാ–നിക്ഷേപ അനുപാതം (ഗ്ലോബൽ) 74.05 %ൽ നിന്നും (ഡിസംബർ 2017) 31 ഡിസംബർ 2018ന് 72.50 ശതമാനമായി .
  - ✓ വായ്പാ–നിക്ഷേപ അനുപാതം (ഗാർഹികം) 31 ഡിസംബർ 2018ന് 72.94 ശതമാനമായി ഉയർന്നു.
- ഇടപാടുകാരുടെ എണ്ണം കഴിഞ്ഞ വർഷത്തെ 8.18 കോടിയിൽ നിന്ന് 8.59 കോടിയായി ഉയർന്നു.

## ബി.നിക്ഷേപങ്ങൾ – കാസ, ചില്ലറ നിക്ഷേപങ്ങ ളിന്മേൽ ഊന്നൽ

- കാസ നിക്ഷേപങ്ങൾ 10.66% വർഷാന്തവർഷ വർദ്ധനയോടുകൂടി 174391കോടി രൂപയായി ഉയർന്നു.
  - ✓ കാസയുടെ വിഹിതം (ഗാർഹികം) 32.23%.
- സാവധി ചില്ലറ നിക്ഷേപത്തുക 3.24%.വർഷാന്തവർഷ വർദ്ധനയോടു കൂടി 221811 കോടി രൂപയായി.
  - ✓ മൊത്തം ചില്ലറ നിക്ഷേപത്തുകയിൽ സാവധി ചില്ലറ നിക്ഷേപത്തുകയുടെ വിഹിതം 60.59%.

## സി. വായ്പകൾ – ചില്ലറ വായ്പകളിന്മേൽ ഊന്നൽ

- മൊത്തം വായ്പകളിൽ ചില്ലറ വായ്പകളുടെ (കൃഷി, തീരെ ചെറിയ, ചെറിയ, ഇടത്തരം ഉദ്യമങ്ങൾ, ഭവനവായ്പകൾ, മറ്റ് ചില്ലറ വായ്പാ പദ്ധതികൾ) വിഹിതം 59.31%.
- മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പകൾ 15.14% വർഷാന്തവർഷ വർദ്ധനയോടു കൂടി 202336 കോടി രൂപയായി.
- കൃഷിവായ്പകൾ 11.20% വർഷാന്തവർഷ വർദ്ധനയോടു കൂടി 91221 കോടി രൂപയായി.
- തീരെ ചെറിയ, ചെറിയ, ഇടത്തരം ഉദ്യമങ്ങൾക്കുള്ള വായ്പകൾ 11.47% വർഷാന്തവർഷ വർദ്ധനയോടു കൂടി 90806 കോടി രൂപയായി. .
  - ✓ ഇടത്തരം, ചെറിയ ഉദ്യമങ്ങൾക്കുള്ള വായ്പകൾ 72163 കോടി രൂപയായി ഉയർന്നു.
- മൊത്തം മുൻഗണനാ വായ്പകളുടെ നിർബന്ധിത ലക്ഷ്യം നേടി (എഎൻബിസി മാനദണ്ഡമായ 40 ശതമാനത്തെ അപേക്ഷിച്ച് 54%)
  - ✓ കൃഷി (എഎൻബിസി മാനദണ്ഡമായ 18 ശതമാനത്തെ അപേക്ഷിച്ച് 22%), നിർദ്ദിഷ്ട ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പകൾ (എഎൻബിസി മാനദണ്ഡമായ 15 ശതമാനത്തെ അപേക്ഷിച്ച് 18%) ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ (എഎൻബിസി മാനദണ്ഡമായ 10 ശതമാനത്തെ അപേക്ഷിച്ച് 11%)
- മഹിളാ ഗുണഭോക്താക്കൾക്കുള്ള വായ്പകൾ 5%ന്റെ മാനദണ്ഡം അപേക്ഷിച്ച് 16.16%.
  - ✓ 31.44 ലക്ഷം മഹിളാ ഗുണഭോക്താക്കൾക്ക് 55167 കോടി രൂപയുടെ വായ്പാ സഹായം.
- ചില്ലറ വായ്പകൾ 24.76% വർഷാന്തവർഷ വർദ്ധനയോടുകൂടി 76212 കോടി രൂപയായി ഉയർന്നു.
  - ✓ പ്രത്യക്ഷ ഭവന വായ്പകൾ 20.41% വർഷാന്തവർഷ വർദ്ധനയോടുകൂടി 33008 കോടി രൂപയായി ഉയർന്നു.
  - ✓ വാഹന വായ്പകൾ, മറ്റ് വ്യക്തിഗത വായ്പകൾ എന്നിവയിൽ യഥാക്രമം 34.40% (8501 കോടി രൂപ), 36.15% (25290 കോടി രൂപ) വളർച്ച.
  - ✓ 2.90 ലക്ഷം വിദ്യാർത്ഥികൾക്ക് വായ്പ നൽകുക വഴി വിദ്യാഭ്യാസ വായ്പകൾ 6.01% വർഷാന്തവർഷ വർദ്ധനയോടുകൂടി 8913 കോടി രൂപയായി.

## ഡി.സാമ്പത്തിക വർഷം 19ലെ 3ാം പാദത്തിലെ സാമ്പത്തിക പ്രവർത്തനം

- അറ്റലാഭം 152% വർഷാന്തവർഷ വളർച്ചയോടെ 126 കോടി രൂപയിൽ നിന്നും (സാ.വ.18 3ാം പാദം) 318 കോടി രൂപയായി ഉയർന്നു.
- മൊത്ത ലാഭം 2357 കോടി രൂപ. സാ.വ.18 3ാം പാദത്തിൽ ഇത് 2831 കോടി രൂപയായിരുന്നു.
- പലിശയിനത്തിൽ അറ്റാദായം 3814 കോടി രൂപയായി ഉയർന്നു. (സാ.വ.18 3ാം പാദം 3679 കോടി രൂപ)
  - ✓ ആദായ നികുതിയിന്മേലുള്ള പലിശ ഒഴിച്ച് പലിശയിനത്തിൽ അറ്റാദായം 14.45% വർഷാന്തവർഷ വർദ്ധനയോടെ 3366 കോടി രൂപ.
- ട്രഷറി വരുമാനത്തിൽ വന്ന കുറവ് കാരണം പലിശയിനത്തിലല്ലാത്ത ആദായം 15% കുറഞ്ഞ് 1325 കോടി രൂപയായി .

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

Canara Bank

- മൊത്തം ചെലവ് 17.31% വർഷാനുവർഷ വർദ്ധനയോടെ 11156 കോടി രൂപ.
- മൊത്തം വരുമാനം 9.50% വളർച്ചയോടെ 13513 കോടി രൂപയായി ഉയർന്നു.
- പലിശയുടെ മൊത്തം മാർജിൻ (ഗ്ലോബൽ) 2.39%ൽ നിന്നും (സാ.വ.18 3ാം പാദം) 2.65 ശതമാനമായി.
  - ✓ പലിശയുടെ മൊത്തം മാർജിൻ (ഗാർഹികം) 2.64%ൽ നിന്നും (സാ.വ.18 3ാം പാദം) 2.85 ശതമാനമായി.
- ധനശേഖരത്തിന്മേലുള്ള വരുമാനം 7.32 ശതമാനത്തെ അപേക്ഷിച്ച് (സാ.വ.18 3ാം പാദം) 7.62 ശതമാനമായി.
- ചെലവ്–ആദായ അനുപാതം 51.45%.
- ആസ്തികളിന്മേലുള്ള പ്രതിഫലം 0.20%, ഓഹരികളിന്മേലുള്ള പ്രതിഫലം 5.01%.

## ഇ. ഒൻപത് മാസത്തെ (ഒൻപത് മാസം സാ.വ.19) പ്രവർത്തനം :

- അറ്റ ലാഭം 40.91% വർഷാനുവർഷ വളർച്ചയോടെ 638 കോടി രൂപയിൽ (ഒൻപത് മാസം. സാ.വ.18) നിന്ന് 899 കോടി രൂപയായി ഉയർന്നു.
- മൊത്ത ലാഭം 7617 കോടി രൂപ. സാ.വ. 18 ലെ ഒൻപത് മാസത്തിൽ ഇത് 7784 കോടി രൂപയായിരുന്നു.
- പലിശയിനത്തിലുള്ള അറ്റാദായത്തിന്റെമാർജിൻ 19.64% ശക്തമായ വർഷാനുവർഷ വളർച്ചയോടെ 9176 കോടി രൂപയിൽ (ഒൻപത് മാസം. സാ.വ.18) നിന്ന് 10978 കോടി രൂപയായി ഉയർന്നു.
  - ✓ ഇതിന്റെ മുഖ്യ കാരണം ഗാർഹിക വായ്പകളിൽ 15.18%ന്റെ ശക്തമായ വർഷാനുവർഷ വളർച്ചയായിരുന്നു.
- വ്യാപാര ലാഭം ഒഴിച്ച് പലിശേതര ആദായം 3755 കോടി രൂപയിൽ നിന്ന് 4553 കോടി രൂപയായി ഉയർന്നു.
  - ✓ ഇതിന്റെ മുഖ്യ കാരണം എഴുതിത്തള്ളിയ കിട്ടാക്കടങ്ങളിൽ 58.57% വർഷാനുവർഷ വർദ്ധനയോടെ തിരിച്ചുപിടിച്ച 1194 കോടി രൂപയും സർവീസ് ചാർജ്ജ് ഇനത്തിൽ 26.17% വർഷാനുവർഷ വർദ്ധനയോടെ ആർജ്ജിച്ച 1194 കോടി രൂപയുമാണ്.
- മൊത്തം ചെലവ് 10.09% വർഷാനുവർഷ വർദ്ധനയോടെ 28856 കോടി രൂപയിൽ നിന്ന് 31767 കോടി രൂപയായി വർദ്ധിച്ചു.
- മൊത്തം ആദായം 7.49% വർഷാനുവർഷ വർദ്ധനയോടെ 36640 കോടി രൂപയിൽ നിന്ന് 39385 കോടി രൂപയായി ഉയർന്നു.

## എഫ്. മൂലധന പര്യാപ്തത :

- ബാസൽ III മാനദണ്ഡങ്ങളനുസരിച്ചുള്ള മൂലധന പര്യാപ്തതാ അനുപാതം 12.21%. (നിയമപ്രകാരമുള്ള മിനിമം അനുപാതം 10.875%)
  - ✓ സി ഇ ടി അനുപാതം 8.81%. ടയർ I അനുപാതം 9.54%
- സർക്കാരിന്റെ ഓഹരി വിഹിതം 72.5%.
  - ✓ ആസ്തികളുടെ വളർച്ചയ്ക്ക് അനുയോജ്യമായ മൂലധന സ്ഥിതി.
- വായ്പകളുടെ അപായ സാധ്യതകൾ കൈകാര്യം ചെയ്യുന്നതിലുള്ള ഉയർന്ന കാര്യക്ഷമത കാരണം മൊത്തം വായ്പകളിൽ അപായ സാദ്ധ്യതയുള്ള ആസ്തികളുടെ അനുപാതം ഡിസംബർ 2017ൽ 91.27% ആയിരുന്നത് 31 ഡിസംബർ 2018ൽ 87.39 ശതമാനമായി കുറഞ്ഞു.

## ജി. ആസ്തികളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ :

- മൊത്തം നിഷ്ക്രിയ ആസ്തികളുടെ അനുപാതം ക്രമാനുഗതമായി 31 ബി പി എസ് കുറഞ്ഞ് 10.25 ശതമാനമായി (സെപ്റ്റംബർ 2018ൽ 11.56%).
- പലിശയും നീക്കിയിരിപ്പുതുകയും കഴിച്ചുള്ള നിഷ്ക്രിയ ആസ്തി അനുപാതം സെപ്റ്റംബർ 2018ലെ 6.54%ൽ നിന്നും 6.37 ശതമാനമായി കുറഞ്ഞു.
- ഈ വർഷത്തിൽ റൊക്കം പണമായി തിരിച്ചുപിടിച്ച വായ്പാതുക 7927 കോടി രൂപ.
- വായ്പകളിന്മേലുള്ള നീക്കിയിരിപ്പു തുകയുടെ അനുപാതം 31 ഡിസംബർ 2018ലെ 55.81 ശതമാനത്തെ അപേക്ഷിച്ച് 31 ഡിസംബർ 22018ൽ 62.54%.(സെപ്റ്റംബർ 2018ൽ 61.39%)

## എച്. പ്രധാൻ മന്ത്രി ജൻ ധൻ യോജന(പി എം ജെ ഡി വൈ):

- പി എം ജെ ഡി വൈ പദ്ധതിയിൽ തുറന്ന 71.09 ലക്ഷം അക്കൗണ്ടുകളിൽ 2215 കോടി രൂപ കാസാ നിക്ഷേപം സമാഹരിച്ചു.
- 5.84 ലക്ഷം പി എം ജെ ഡി വൈ അക്കൗണ്ട് ഹോൾഡർമാർക്ക് ഇതു വരെ 85.30 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

Canara Bank

- ജില്ല/ബ്ലോക്ക് തലങ്ങളിൽ തുറന്ന 72 സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ (എഫ് എൽ സി) വഴി സാ.വ.19 ന്റെ കഴിഞ്ഞ ഒൻപത് മാസങ്ങളിൽ 11.64 ലക്ഷം വ്യക്തികൾക്ക് സാമ്പത്തിക അറിവ് പകർന്നു നൽകിയിട്ടുണ്ട്
- 375.29 ലക്ഷം അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിച്ചതിൽ 42.59 ലക്ഷം പി എം ജെ ഡി വൈ അക്കൗണ്ടുകൾ ആണ്.
- ഇടപാടുകാരുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ബാങ്ക് 1800 425 11222 എന്ന ടോൾ-ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്.

## ഐ.സാമൂഹ്യ സുരക്ഷാ പദ്ധതികൾ :

- ഡിസംബർ 2018 പ്രകാരം പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന (18.34 ലക്ഷം), പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന (57.75 ലക്ഷം) എന്നിവയിൽ 76.09 ലക്ഷം പേർ അംഗങ്ങളാണ്.
- അടൽ പെൻഷൻ യോജനയിൽ മൊത്തം 2.18 ലക്ഷം അക്കൗണ്ടുകൾ സമാഹരിച്ചു.
- സുകന്യ സമൃദ്ധി യോജനയിൽ മൊത്തം 9535 ലക്ഷം അക്കൗണ്ടുകൾ സമാഹരിച്ചു.

## ജെ. പ്രധാൻ മന്ത്രി മുദ്ര യോജന:

- മുദ്ര യോജനയിൽ ഡിസംബർ 2018 പ്രകാരം ബാങ്ക് 3.08 ലക്ഷം അക്കൗണ്ടുകളിൽ 6762 കോടി രൂപ വിതരണം ചെയ്തു.

## കെ.സാമ്പത്തിക ഉൾപ്പെടുത്തൽ– സമഗ്രമായ സമീപനം:

- കനറാ ബാങ്കിനായി നീക്കി വെച്ച എല്ലാ 10049 ഗ്രാമങ്ങളിലും ബാങ്ക്, ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- 902 ഭൗതിക ശാഖകൾ തുറന്നും 2459 ബിസിനസ്സ് കറസ്പോണ്ടന്റ് ഏജന്റുമാരെ നിയോഗിച്ചും, നിശ്ചയിക്കപ്പെട്ട 3962 സബ് സർവീസ് ഏരിയാകളിൽ സേവനം എത്തിച്ചു.
- സാമ്പത്തിക ഉൾപ്പെടുത്തൽ ശാഖകൾ കൂടാതെ തീർത്തും ചെറിയ (അൾട്രാ സ്മോൾ) 470 ശാഖകളും ഇതിനായി പ്രവർത്തിക്കുന്നു.
- സാമ്പത്തിക ഉൾപ്പെടുത്തൽ ശാഖകൾ 20726 കോടി രൂപയുടെ ബിസിനസ്സ് സമാഹരിച്ചു. ഈ ശാഖകളിലെ 5365 കോടി രൂപയുടെ കാസ നിക്ഷേപങ്ങൾ 57.74 ശതമാനമാണ്.
- നഗര പ്രദേശങ്ങളിലെ സാമ്പത്തിക ഉൾപ്പെടുത്തലിൽ 18 മൈക്രോ ശാഖകൾ മൊത്തം 696.23 കോടി രൂപയുടെ ബിസിനസ്സ് സമാഹരിച്ചു.
- ഈ സാമ്പത്തിക വർഷത്തിൽ ഇതു വരെ തുറന്ന 4.27 ലക്ഷം ബേസിക് സേവിംഗ്സ് ബാങ്ക് ഡിപ്പോസിറ്റ് (ബിഎസ്ബിഡി) അക്കൗണ്ടുകളിൽ 45026 കോടി രൂപയുടെ കാസ നിക്ഷേപങ്ങൾ.
- ഈ സാമ്പത്തിക വർഷത്തിൽ ഇതു വരെ 565 കർഷക ക്ലബ്ബുകൾ സ്ഥാപിതമായി.
- സാമ്പത്തിക വർഷം 2019ൽ ഇതു വരെ 27334 സ്വയം സഹായ സമൂഹങ്ങൾ (എസ്എച്ച്ജി) രൂപീകരിക്കപ്പെടുകയും 64231 എസ് എച്ച് ജികൾ 2145 കോടി രൂപയുടെ വായ്പകളുമായി ബന്ധിപ്പിക്കപ്പെടുകയും ചെയ്തു.
- സാമ്പത്തിക വർഷം 2019ലെ ഒൻപത് മാസങ്ങളിൽബിസിനസ്സ് കറസ്പോണ്ടന്റ് ഏജന്റുമാർ മൊത്തം 2365 കോടി രൂപയുടെ 109 ലക്ഷം ഇടപാടുകൾ നടത്തി.

## എൽ. സമ്പന്നമായ സേവന സരണികളും ഡിജിറ്റൽ കാല്പാടുകളും :

- 7 വിദേശ ശാഖകൾ (ലണ്ടൻ, ജോഹന്നസ്ബർഗ്, ന്യൂയോർക്ക്, ഹോംഗ്കോംഗ്, മനാമ, ഷാങ്ങ്ഹായ്, ദുബായ്) അടക്കം ബാങ്കിന്റെ ശാഖകളുടെ മൊത്തം എണ്ണം 6314 ആയി.
- എ ടി എമ്മുകളുടെ ഏണ്ണം 9004. വിവിധ നഗരങ്ങളിലായി 182 ഈ-ലൗഞ്ചുകൾ പ്രവർത്തനസജ്ജമാണ്.
- ഡെബിറ്റ് കാർഡുകളുടെ എണ്ണം 4.57കോടിയും, മൊബൈൽ ബാങ്കിംഗ് ഇടപാടുകാരുടെ എണ്ണം 16.32 ലക്ഷവും നെറ്റ് ബാങ്കിംഗ് ഉപയോക്താക്കളുടെ എണ്ണം 59.03 ലക്ഷവും ആയി ഉയർന്നു. ഒരു വർഷം മുമ്പ് 76.22 ശതമാനമായിരുന്ന ഈ-ഇടപാടുകളുടെ അനുപാതം 80.19 ശതമാനമായി വർദ്ധിച്ചു.
- ബിസിനസ്സ് ഉത്തേജിപ്പിക്കാൻ വേണ്ടി ഇടപാടുകാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാനായി 1548 ശിഖർ ശാഖകൾ വഴി ശാഖകളുടെ നിർണ്ണായകമായ രൂപമാറ്റം.

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

Canara Bank

## എം. പുതു ഉല്പന്നങ്ങളും പ്രധാനപ്പെട്ട കസ്റ്റമർ-സൗഹൃദ ടെക്നോളജി സംരംഭങ്ങളും:

- ഇന്റർനെറ്റ് ബാങ്കിങ്ങിലെ പുതിയ സൗകര്യങ്ങൾ
  - ✓ ഗാർഹിക കാർഡുകൾക്ക് പുറമേ അന്താരാഷ്ട്രീയ കാർഡുകൾക്ക് എ ടി എം/പി ഒ എസ് ഇടപാടുകൾ സക്രിയ/നിഷ്ക്രിയമാക്കുകയും അവയ്ക്ക് പരിധി നിശ്ചയിക്കുകയും ചെയ്യുക.
  - ✓ നാഷണൽ പെൻഷൻ സ്കീം (എൻപിഎസ്) അക്കൗണ്ട് തുറക്കുക (ബാങ്കിന്റെ വെബ്സൈറ്റിലും ലഭ്യമാണ്.)
  - ✓ പരാതികൾ രജിസ്റ്റർ ചെയ്യാനും ട്രാക്ക് ചെയ്യാനുമായി ഓൺലൈൻ പരാതി പോർട്ടൽ സി പി ജി ആർ എസ് (കനറാ പബ്ലിക് ഗ്രീവൻസെസ് റീഡ്രസ്സൽ സിസ്റ്റം)
- കാൻമൊബൈൽ ആപ്പിൽ പുതിയ സൗകര്യങ്ങൾ
  - ✓ ഭാരത് ബിൽ പേമെന്റ് സിസ്റ്റം (ബി ബി പി എസ്), നികുതികൾ അടയ്ക്കൽ, ആധാറുമായി ബന്ധിപ്പിക്കലും സാധുവാക്കലും എന്നിവ സംയോജിപ്പിച്ചിരിക്കുന്നു.
  - ✓ **സെൽ ഫ് സർവീസ് മൊബൈൽ ആപ്പ് ആയ കനറാ സാഥി ഉൾപ്പെടുത്തിയിരിക്കുന്നു.** ഇത് വഴി നിങ്ങളുടെ ക്രെഡിറ്റ് കാർഡ് സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകുന്നു. 5000 രൂപയ്ക്ക് മുകളിൽ സാധനങ്ങൾ വാങ്ങുമ്പോൾ തുക ഇ എം ഐ ആയി മാറുന്ന എന്നതാണ് ഇതിന്റെ സവിശേഷത.
- ഭാരതീയ റിസർവ് ബാങ്കിന്റെ മാർഗനിർദ്ദേശം അനുസരിച്ച് കാർഡ് ഇടപാടുകളുടെ സുരക്ഷയ്ക്കും അപായസാദ്ധ്യത കുറയ്ക്കാനുമായി എ ടി എം സ്വിച്ചിൽ ഇ എം വി പ്രയോഗത്തിൽ കൊണ്ടുവന്ന ആദ്യ ബാങ്ക്
- ബാങ്ക് ശാഖ സന്ദർശിക്കാതെ തന്നെ ബാങ്കിംഗ് സൗകര്യങ്ങൾ ഉപയോഗിക്കാൻ ഗ്രാമീണരായ ഇടപാടുകാർക്കായി പുതിയ സങ്കര (ടാബ് അടിസ്ഥാനമാക്കിയത്) ബിസിനസ്സ് കറസ്പോണ്ടന്റ് മോഡൽ പ്രയോഗത്തിൽ കൊണ്ടുവന്നു.

## എൻ. നേട്ടങ്ങൾ:

- 31.12.2018 അനുസരിച്ച് ഇലക്ട്രോണിക്സ് , ഇൻഫൊർമേഷൻ ടെക്നോളജി മന്ത്രാലയം (എം ഇ ഐ ടി വൈ) പ്രസിദ്ധീകരിച്ച ഡിജിറ്റൽ സ്കോർ കാർഡിൽ എല്ലാ പൊതുമേഖലാ ബാങ്കുകളിലും വെച്ച് ഒന്നാം സ്ഥാനം
- എം ഇ ഐ ടി വൈ നിശ്ചയിച്ച 48 കോടി ഡിജിറ്റൽ ഇടപാടുകളുടെ 106.04% യഥാനുപാത നേട്ടം കൈവരിച്ചു. (2018-19ൽ കനറാ ബാങ്കിന് എം ഇ ഐ ടി വൈ 64 കോടി ഡിജിറ്റൽ ഇടപാടുകളുടെ ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നു.
- ആഗസ്ത് 2018ൽ ഭീം ക്യൂ ആർ പ്രയോഗത്തിൽ വന്ന ശഷം ഇന്നു വരെ 3,20,960 വ്യാപാരികളെ വരിക്കാരായി ചേർത്തു.
- ഡിസംബർ 2018 അനുസരിച്ച് 70461 വ്യാപാരികളെ ഭീം ആധാർ പി ഒ എസിൽ ചേർത്തു. 31.03.19തിനകം 1.02 ലക്ഷം വ്യാപാരികൾ എന്ന ലക്ഷ്യം ഉന്നം വെയ്ക്കുന്നു.
- വരിക്കാരായ വ്യാപാരികളുടെ എണ്ണം ഡിസംബർ 2017ൽ 4,18,761 ആയിരുന്നത് ഡിസംബർ 2018ൽ 5,20,114 ആയി ഉയർന്നു. ഇത് എല്ലാ ഏഴ് ഡിജിറ്റൽ പേമെന്റ് പ്ലാറ്റ്ഫോറങ്ങളിലും ഗണ്യമായ വർദ്ധനവിനെക്കുറിക്കുന്നു.

## സുപ്രധാന മേഖലകൾ : മാർച്ച് 2019

- റീട്ടെയിൽ ബിസിനസ്സ്, ആസ്തികളുടെ ഗുണമേന്മ, കാര്യക്ഷമത എന്നിവയിന്മേൽ ഊന്നൽ
- ഇടപാടുകൾ വഴിയായി മുഖ്യ പ്രവർത്തന ലാഭം വർദ്ധിപ്പിക്കുക
- കാസ, ചില്ലറ നിക്ഷേപങ്ങൾ എന്നിവയുടെ അനുപാതം വർദ്ധിപ്പിക്കുക
- ചില്ലറ വായ്പകളുടേയും കോർപറേറ്റ് വായ്പകളുടേയും ശരിയായ മിശ്രണം വഴി വായ്പകളുടെ സന്തുലിതമായ വളർച്ച
- നിഷ്ക്രിയ ആസ്തികളുടെ തീർപ്പ് ത്വരിതപ്പെടുത്തുകയും നീക്കിയിരിപ്പു തുകയുടെ അനുപാതം മെച്ചപ്പെടുത്തുകയും ചെയ്യുക
- മൊത്തം പലിശ മാർജിൻ, ആസ്തികളിന്മേലുള്ള പ്രതിഫലം, ഓഹരികളിന്മേലുള്ള പ്രതിഫലം ചെലവ്-ആദായം എന്നീ പ്രവർത്തന സാമ്പത്തിക അനുപാതങ്ങൾ മെച്ചപ്പെടുത്തുക
- മെച്ചപ്പെട്ട സേവനത്തിനും, ചെലവ് കുറക്കുന്നതിനുമായി തുടർന്നും ഡിജിറ്റൈസേഷനിൽ ശ്രദ്ധ കേന്ദ്രീകരിക്കുക

*****

## കനറാ എം സെർവ്

ബാങ്കിന്റെ ശാഖയെ സമീപിക്കാതെ തന്നെ തന്റെ ഡെബിറ്റ് ക്രെഡിറ്റ് കാർഡുകൾ ഉടനടി ബ്ലോക്ക്/ അൺബ്ലോക്ക്/ഹോട്ട്ലിസ്റ്റ് ചെയ്യാൻ ഇടപാടുകാരനെ പ്രാപ്തനാക്കുന്ന ലളിതവും എന്നാൽ ശക്തമായ ഒരു മൊബൈൽ ആപ്പ് ആണ് ഇത്.

### 1. രജിസ്ട്രേഷൻ നടപടിക്രമം :

- ഗൂഗിൾ/ഏപ്പിൾ സ്റ്റോറിൽ നിന്നും കനറാ എം സെർവ് ഡൗൺലോഡ് ചെയ്യുക.
- ഈ ആപ്ലിക്കേഷനിൽ നിങ്ങളുടെ 13 ഡിജിറ്റ് കനറാ ബാങ്ക് അക്കൗണ്ട് നമ്പറും രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും എന്റർ ചെയ്യുക.
- നിങ്ങളുടെ ഫോണിൽ നിന്നും ഒരു എസ് എം എസ് ബാങ്കിലേക്ക് സ്വയമേവ അയക്കുന്നതായിരിക്കും
- മൊബൈൽ നമ്പറിന്റേയും അക്കൗണ്ട് നമ്പറിന്റേയും സംയോഗം , സി ബി എസ്സിലുള്ളതു തന്നെയാണെങ്കിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ ഒരു ഒ ടി പി അയക്കുന്നതായിരിക്കും. ആ ഒ ടി പി എന്റർ ചെയ്ത ശേഷം 'വെരിഫൈ ഒ ടി പി ' എന്നതിൽ ക്ലിക്ക് ചെയ്യുക. ഇപ്രകാരം സാധുവാക്കിയ ശേഷം ആദ്യത്തെ വരിയിൽ പുതിയ 5 അക്ക പിൻ എന്റർ ചെയ്യുക. പിന്നീട് രണ്ടാം നിരയിൽ അതേ പിൻ വീണ്ടും എന്റർ ചെയ്യുക. 'സെറ്റ് എംസെർവ് പിൻ' എന്നതിൽ ക്ലിക്ക് ചെയ്യുക.

കുറിപ്പ് : സേവന ദാതാവിന്റെ നിരക്കുകൾ അനുസരിച്ച് എസ് എം എസ് ചാർജ്ജുകൾ ബാധകമായിരിക്കും.

### 2. ലഭ്യമായ സേവനങ്ങൾ :

- ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് സ്വിച്ച് ഓൺ/ഓഫ് ചെയ്യുക: കാർഡ് മറ്റാരെങ്കിലും ഉപയോഗിക്കാനിടയുണ്ടെന്ന് ഉപയോക്താവിന് സംശയം തോന്നുകയാണെങ്കിൽ അയാൾക്ക്/അവർക്ക് താൽക്കാലികമായി കാർഡ് സ്വിച്ച് ഓഫ് ചെയ്യാം. പിന്നീട് ആവശ്യം വരുമ്പോൾ സ്വിച്ച് ഓൺ ചെയ്യാവുന്നതുമാണ്. കാർഡ് സ്വിച്ച് ഓൺ ചെയ്യാൻ ഓപ്ഷനിൽ ഇടതു ഭാഗത്തേക്കും സ്വിച്ച് ഓഫ് ചെയ്യാൻ വലതു ഭാഗത്തേക്കും സൈ്വപ്പ് ചെയ്യുക.
- ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് ഹോട്ട്ലിസ്റ്റ് ചെയ്യുക: കാർഡ് കളവു പോകുകയോ നഷ്ടപ്പെട്ടുപോകുകയോ ചെയ്യുകയാണെങ്കിൽ കാർഡ്ധാരകന് ഉടനടി കാർഡ് ഹോട്ട്ലിസ്റ്റ് ചെയ്യാവുന്നതാണ്. ഓപ്ഷനിൽ 'ബ്ലോക്ക് ദ കാർഡ് പെർമനെന്റ്ലി' സൈ്വപ്പ് ചെയ്യുക.
- ഡെബിറ്റ് കാർഡിന്റെ തുക നിജപ്പെടുത്തുക : ഈ ഓപ്ഷൻ ഉപയോഗിച്ച് പി ഒ എസ്, എടിഎം എന്നിവയിൽ പ്രതിദിന പരിധിയായ തുക ഉപയോക്താവിന് നിജപ്പെടുത്താവുന്നതാണ്.



## ഫോറിൻ കറൻസി (നോൺ റസിഡന്റ്) അക്കൗണ്ട് (ബാങ്ക്) സ്കീം
## എഫ് സി എൻ ആർ (ബി) അക്കൗണ്ട്

| | |
|---|---|
| ആർക്കൊക്കെ അക്കൗണ്ട് തുറക്കാം | എൻ ആർ ഐ/പി ഐ ഒ വ്യക്തികൾ<br>ഭാരതീയ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി വാങ്ങിയ പാക്കിസ്ഥാനിലേയും ബംഗ്ലാദേശിലേയും വ്യക്തികൾ/സ്ഥാപനങ്ങൾ |
| ജോയിന്റ് അക്കൗണ്ട് | രണ്ടോ അതിലധികമോ (പരമാവധി നാല് പേർ) നോൺ റസിഡന്റ് വ്യക്തികളുടെ പേരിൽ തുറക്കാവുന്നതാണ്. എന്നാൽ എല്ലാ അക്കൗണ്ട് ഹോൾഡർമാരും ഇന്ത്യൻ പൗരന്മാരോ ഇന്ത്യൻ വംശജരോ ആയിരിക്കണം; തുക 'ആദ്യത്തെയാൾക്കോ ജീവിച്ചിരിക്കുന്നയാൾക്കോ' എന്ന അടിസ്ഥാനത്തിൽ ഇന്ത്യയിൽ താമസിക്കുന്ന ബന്ധുവുമായി (ബന്ധു എന്നത് കമ്പനി ആക്ട് 2013ലെ നിർവചനം അനുസരിച്ച്) ചേർന്ന് അക്കൗണ്ട് തുറക്കാവുന്നതാണ്. എൻ ആർ ഐയുടെ / പി ഐ ഒ വിന്റെ ജീവിതകാലത്ത് നിലവിലുള്ള നിർദ്ദേശപ്രകാരം, ഇന്ത്യയിൽ താമസിക്കുന്ന ബന്ധുവിന് മുക്ത്യാർനാമാവെന്ന നിലയ്ക്ക് അക്കൗണ്ടിൽ ഇടപാടുകൾ നടത്താൻ അർഹതയുണ്ടായിരിക്കും. |
| നോമിനേഷൻ | അനുവദനീയമാണ് |
| അക്കൗണ്ട് തുറക്കാവുന്ന കറൻസികൾ | യു എസ് ഡോളർ, ഗ്രേറ്റ് ബ്രിട്ടൻ പൗണ്ട്, യൂറോ, കനേഡിയൻ ഡോളർ, ആസ്ത്രേലിയൻ ഡോളർ |
| തുക തിരികെ കൊണ്ടുപോകൽ | അക്കൗണ്ടിലെ തുക തിരികെ വിദേശത്തേക്ക് കൊണ്ടുപോകാവുന്നതാണ് |
| ഏത് ഇനം അക്കൗണ്ട് | സാവധി നിക്ഷേപങ്ങൾ മാത്രം (സാധാരണ പലിശയും കൂട്ടുപലിശയും) |
| സ്ഥിര നിക്ഷേപത്തിന്റെ ഏറ്റവും കൂടിയ കാലാവധി | സ്ഥിര നിക്ഷേപം ( സാധാരണ പലിശ) 1 വർഷം (എഫ്ഡിആർ)<br>സ്ഥിര നിക്ഷേപം ( കൂട്ടുപലിശ) (കെഡിആർ) 1 വർഷം 1 ദിവസം |
| ഏറ്റവും കൂടിയ കാലാവധി | 5 വർഷം |
| പലിശനിരക്ക് | റിസർവ് ബാങ്കിന്റെ മാർഗനിർദേശങ്ങൾക്ക് വിധേയം<br>പലിശ നിരക്കുകൾ ഞങ്ങളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കുന്നു (ക്ലിക്ക് ചെയ്യുക) |
| കാലാവധിയ്ക്കു മുമ്പേ പിൻവലിയ്ക്കൽ | നിക്ഷേപം ബാങ്കിൽ നിലനിന്നിരുന്ന കാലാവധിയ്ക്ക് ബാധകമായ പലിശ നിരയ്ക്കിൽ 1% പിഴ ചുമത്തി കാലാവധിയ്ക്കു മുമ്പേ സാവധി നിക്ഷേപം പിൻവലിക്കൽ അനുവദനീയമാണ്. ഒരു വർഷം തികയും മുമ്പ് പിൻവലിച്ചാൽ നിക്ഷേപം നിലനിന്നിരുന്ന അവധിയ്ക്ക് യാതൊരു പലിശയും നൽകപ്പെടുന്നതല്ല. |
| പ്രവാസി അക്കൗണ്ട് ഹോൾഡർ, ഇന്ത്യയിൽ താമസിക്കുന്നയാൾക്ക് നൽകിയ മുക്ത്യാർ അനുസരിച്ച് അക്കൗണ്ടിൽ ഇടപാടുകൾ | മുക്ത്യാർ പ്രകാരം അക്കൗണ്ടിലെ ഇടപാടുകൾ, ലോക്കൽ പേമെന്റുകളും സാധാരണ ബാങ്കിംഗ് സരണികൾ വഴിയായി അക്കൗണ്ട് ഹോൾഡർക്ക് പണമയക്കുന്നതുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. |
| ആദായ നികുതി/ സ്വത്ത് നികുതി | ഒഴിവാക്കിയിരിക്കുന്നു |
| ടാക്സ് ഡിഡക്റ്റഡ് അറ്റ് സോഴ്സ് (ടി ഡി എസ്) | ബാധകമല്ല |
| വായ്പകൾ | കൂടുതൽ വിവരങ്ങൾക്കായി ഹോം ബ്രാഞ്ചിനെ സമീപിക്കുക |

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

Canara Bank

## ഇടപാടുകാരുടെ ശ്രദ്ധയ്ക്ക് – ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകളിൽ ചെയ്യേണ്ടതും അരുതാത്തതുമായ കാര്യങ്ങൾ

### ചെയ്യേണ്ടവ




- നിങ്ങളുടെ എടിഎം ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ സുരക്ഷിതമായി സൂക്ഷിയ്ക്കുക.
- നിങ്ങളുടെ എടിഎം ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകളുടെ പിൻ നമ്പർ ഹൃദിസ്ഥമാക്കുക
- നിങ്ങളുടെ പിൻ/ഇന്റർനെറ്റ് ബാങ്കിംഗ് പാസ്‌വേർഡ് ഇടയ്ക്കിടെ മാറ്റുക
- എടിഎം സെന്ററുകളിൽ ഇടപാടുകൾ നടത്തുമ്പോൾ ശ്രദ്ധ പാലിക്കുക– ഏതെങ്കിലും അസാധാരണ ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുണ്ടോ എന്നും ആരെങ്കിലും നിങ്ങളെ പിൻതുടരുന്നുണ്ടോ എന്നും ശ്രദ്ധിക്കുക.
- കാർഡ് ഉപയോഗിക്കാത്ത സമയത്ത് കനറാ എംസെർവ് ആപ്പ് ഉപയോഗിച്ച് എടി എം ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ സ്വിച്ച് ഓഫ് ചെയ്യുക
- പതിവായി നിങ്ങളുടെ അക്കൗണ്ടിലെ ഇടപാടുകൾ പരിശോധിക്കുക. അധികാരപ്പെടുത്താത്ത ഏതെങ്കിലും ഇടപാടുകൾ കണ്ടാൽ ബാങ്കിനെ അറിയിക്കുക
- അധികാരപ്പെടുത്താത്ത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകൾ താഴെപ്പറയുന്ന ഏതെങ്കിലും വഴി എത്രയും പെട്ടെന്ന് അറിയിക്കുക
  - എ. ഈ-മെയിൽ വഴി അറിയിക്കുക : reportsuspect@canarabank.com
  - ബി. ഗാർഹിക ഇടപാടുകാർ സസ്പെക്റ്റ് എന്ന് ടൈപ്പ് ചെയ്ത് 56161ൽ എസ് എം എസ് ചെയ്യുക
  - സി. എൻ ആർ ഐ ഇടപാടുകാർ സസ്പെക്റ്റ് എന്ന് ടൈപ്പ് ചെയ്ത് 9980904040ൽ എസ് എം എസ് ചെയ്യുക (പ്രോഡക്റ്റ് കോഡ് 103, 104)
  - ഡി. WWW.CANARABANK.COM എന്ന ഞങ്ങളുടെ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് കനറാ പബ്ലിക് ഗ്രീവൻസ് റീഡ്രെസ്സൽ സിസ്റ്റത്തിൽ (സി പി ജി ആർ എസ്)പരാതിപ്പെടുക
  - ഇ. ഫോൺ ബാങ്കിംഗ്/ഐവി ആർ എസ് വഴി റിപ്പോർട്ട് ചെയ്യുക
  - എഫ്. ഫോൺ അഥവാ ഈ-മെയിൽ വഴി നിങ്ങളുടെ ബേസ് ബ്രാഞ്ചിനെ അറിയിക്കുക
- നിങ്ങളുടെ ഫോൺ, പി സി എന്നിവയിൽ അപ്ഡേറ്റ് ചെയ്ത ആന്റി വൈറസ് സൊല്യൂഷൻ സ്ഥാപിക്കുക.
- സൈബർ ക്രൈം പോലീസിനെ/പോലീസ് അധികാരികളെ വിവരം അറിയിക്കുക

### അരുതാത്തവ




- നിങ്ങളുടെ എ ടി എം ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് നമ്പർ/പിൻ/സിവിവി/ഒടിപി മറ്റൊരാൾക്കും ലഭ്യമാക്കാതിരിക്കുക.
- നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിംഗ് യൂസർ ഐ ഡി/പാസ്‌വേർഡ്/ഒടിപി ആരുമായും പങ്ക് വെക്കാതിരിക്കുക
- നിങ്ങളുടെ കാർഡ് നമ്പർ തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെടുന്ന ടെലിഫോൺ കോളുകൾ/എസ് എം എസ്/ഈ-മെയിൽ എന്നിവയെ പ്രതികരിക്കാതിരിക്കുക.
- നിങ്ങളുടെ ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് അപരിചിതനായ ഒരാൾക്കോ, കടയിലോ മർച്ചെന്റ് ലൊക്കേഷനിലോ നിങ്ങളുടെ കാഴ്ചയ്ക്കപ്പുറത്തുള്ള വില്പനക്കാരനോ നൽകാതിരിക്കുക
- നിങ്ങളുടെ പിൻ/പാസ് വേർഡ് എ ടി എം ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡിനോടൊപ്പം വെക്കാതിരിക്കുക. അത് ഹൃദിസ്ഥമാക്കുക
- സൈബർ കഫേകളിലൂടെയുള്ള ഇന്റർനെറ്റ് ബാങ്കിംഗ് ഇടപാടുകൾ ഒഴിവാക്കുക

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019



**വ്യത്യസ്തങ്ങളായ നിക്ഷേപ സൗകര്യങ്ങൾ / ഇൻഷ്വറൻസ് / മ്യൂച്ചൽഫണ്ട് സ്കീമുകൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകളിൽ ക്ലിക്കു ചെയ്യുക:**

**LIFE INSURANCE:**
http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**HEALTH INSURANCE:**
http://www.canarabank.com/english/bank-services/personal-banking/insurance-business/health-insurance/

**GENERAL INSURANCE:**
http://www.canarabank.com/english/bank-services/personal-banking/insurance-business/general-insurance/

**INVESTMENT FACILITIES FOR NRIs:**
http://www.canarabank.com/english/bank-services/nri-banking/investment-facilities/

**MUTUAL FUNDS:**
http://www.canarabank.com/english/bank-services/personal-banking/mutual-funds/

**DEPOSITORY SERVICES:**
http://www.canarabank.com/english/bank-services/personal-banking/depository-services/




**പ്രവാസി ഭാരതീയർക്കായി മാത്രമുള്ള ഭവന വായ്പാ പദ്ധതി**

**വിശദ വിവരങ്ങൾക്കായി കാണുക:**

http://www.canarabank.com/english/bank-services/nri-banking/loans-advances/home-loan-for-nris-scheme/




# നെറ്റ് ബാങ്കിംഗ് സമ്പ്രദായം ഉപയോഗിക്കുന്ന ചെറുകിട ഇട പാടുകാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ

ഞങ്ങളുടെ വെബ്സൈറ്റിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്: www.canarabank.in

നെറ്റ് ബാങ്കിംഗ് ഡെമോയ്ക്കായി, തുടർന്നു വരുന്ന ലിങ്കിൽ ക്ലിക്കു ചെയ്യുക: https://www.canarabank.in/English/Scripts/IMBTutorial/home.html

നെറ്റ് ബാങ്കിംഗിന്റെ ചെറുകിട ഇടപാടുകാർക്ക് ഉപഭോക്തൃസേവനം കൂടുതൽ ഫല പ്രദമാക്കുന്നതിലേയ്ക്ക്:

1. യൂസർ ക്രിയേഷൻ
2. റീസെറ്റ്
3. അൺലോക്ക്
4. ആക്ടിവേറ്റു ചെയ്യുക
5. ഇടപാടിനുള്ള പാസ്‌വേർഡ് ഉണ്ടാക്കുക

ജനനതീയതിയോ, പാസ്പോർട്ട് വിവരങ്ങളോ രേഖപ്പെടുത്താൻ ദയവായി അക്കൗണ്ട് തുടങ്ങിയ ശാഖയുമായി ബന്ധപ്പെടുക.

ഇന്റർനെറ്റ് ബാങ്കിംഗിനെ കുറിച്ചുള്ള എല്ലാ വിവരത്തിനും, ദയവായി ടോൾഫ്രീ നമ്പരായ **1800-425-0018** അല്ലെങ്കിൽ **080- 25129441** ൽ ബന്ധപ്പെടുക

ഇ-മെയിൽ: **hodbsib@canarabank.com**



### ഇന്റർനെറ്റ് ബാങ്കിംഗ്

# പാസ് വേർഡ് മറന്നു പോയാൽ ?

- ✓ ലോഗ്-ഇൻ പേജിൽ ' ഫോർഗോട്ട് പാസ് വേർഡ് ' എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.
- ✓ താഴെ കാണിച്ച പ്രകാരം പ്രത്യക്ഷപ്പെടുന്ന സ്ക്രീനിൽ ബന്ധപ്പെട്ട വിവരങ്ങൾ നൽകുക.

**അൺലോക്ക് യൂസർ ഐ ഡി**

| | | |
|---|---|---|
| യൂസർ ഐ ഡി: | | |
| ജനനത്തീയ്യതി : | | (DD/MM/YYYY) |
| പാൻ / പാസ്പോർട്ട് നമ്പർ : | | |
| അക്കൗണ്ട് നമ്പർ : | | ( 13 അക്കങ്ങൾ) |
| പുതിയ പാസ് വേർഡ് : | | |
| പാസ് വേർഡ് ഉറപ്പു വരുത്തുക: | | |

എല്ലാ ഫീൽഡുകളും നിർബന്ധം

- ✓ എല്ലാ വിവരങ്ങളും നൽകിയ ശേഷം 'സബ്മിറ്റ് ' ബട്ടൻ അമർത്തുക .
- ✓ ഒ ടി പി നൽകിയ ശേഷം 'സബ്മിറ്റ് ' ബട്ടൻ അമർത്തുക .

ഇൻസ്റ്റന്റ് റെമിറ്റ് മണി – മദ്ധ്യ-പൗരസ്ത്യ രാജ്യങ്ങളിലെ പാർട്ട്ണർ എക്സ്ചേഞ്ച് കമ്പനികളിൽ നിന്നും ഇന്ത്യയിലെ ഗുണഭോക്താക്കൾക്ക് (കനറാ ബാങ്കിൽ അക്കൗണ്ട് ഉള്ളവർ) യാതൊരു തടസ്സങ്ങളുമില്ലാതെ എത്രയും പെട്ടെന്ന് പണമയക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക വഴി ഇടപാടുകാർക്ക് കൂടുതൽ സംതൃപ്തി നൽകാനായി ഞങ്ങളുടെ ബാങ്ക് ആരംഭിച്ച പുതിയ ഇൻസ്റ്റന്റ് അക്കൗണ്ട് ക്രെഡിറ്റ് സൗകര്യം. നിലവിലുള്ള 'റെമിറ്റ് മണി' സൗകര്യം കൂടാതെ ഗൾഫ് മേഖലയിലെ പ്രവാസികൾക്ക് ഞങ്ങളുടെ ബാങ്കിൽ അക്കൗണ്ട് ഉള്ളവർക്ക് 'ഇൻസ്റ്റന്റ് റെമിറ്റ് മണി' വഴി പണം അയക്കാവുന്നതാണ്. ഇത് തടസ്സങ്ങളില്ലാത്ത വാർത്താവിനിമയ സൗകര്യം വഴി വർഷത്തിൽ 365 ദിവസവും 24 x 7 തൽസമയം പ്രവർത്തിക്കുന്നു.



പ്രവാസികൾക്ക് ഡി.റ്റി.എ.എ. (ഇരട്ടി നികുതി ഒഴിവാക്കൽ കരാർ) ആനുകൂല്യം ലഭിക്കാനായി താഴെ പറയുന്ന രേഖകൾ നികുതി പിടിച്ച സ്ഥാപനത്തിൽ നൽകേണ്ടതാണ്:

1. വിദേശത്ത് താമസിക്കുന്നതായി ടാക്സ് റെസിഡൻസി സർട്ടിഫിക്കറ്റ് (TRC).
2. പ്രവാസി ഇടപാടുകാരന്റെ പാൻ കാർഡിന്റെ കോപ്പി.
3. പ്രവാസി ഇടപാടുകാരന്റെ അപേക്ഷ
4. സ്വയം പൂരിപ്പിച്ച ഫോറം 10എഫ് (താഴെ പറയുന്ന ലിങ്ക് വഴി ലഭിക്കുന്നതാണ്):

http://www.incometaxindia.gov.in/Forms/Income-Tax%20Rules/103120000000007197.pdf



## പ്രവാസികൾക്ക് വേണ്ടിയുള്ള നാഷണൽ പെൻഷൻ സിസ്റ്റം (എൻ.പി.എസ്)

**പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി (പി.എഫ്.ആർ.ഡി.എ) നിയന്ത്രിക്കുന്നതും, നിർവഹിക്കുന്നതുമായ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ വരിക്കാരാകാൻ പ്രവാസികളെ ഭാരതീയ റിസർവ്വ് ബാങ്ക് അനുവദിച്ചിരിക്കുന്നു.**

സാധാരണ ബാങ്കിംഗ് മാർഗ്ഗത്തിലൂടെ വരിസംഖ്യ നിക്ഷേപിക്കുകയും, മേൽ പറഞ്ഞ വ്യക്തിക്ക് പി.എഫ്.ആർ.ഡി.എ. നിയമ പ്രകാരം നിക്ഷേപിക്കാനും അർഹതയുണ്ടെങ്കിൽ പ്രവാസികൾക്ക് പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി (പി.എഫ്.ആർ.ഡി.എ.) നിയന്ത്രിക്കുന്നതും, നിർവഹിക്കുന്നതുമായ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ വരിക്കാരാകാവുന്നതാണ്.

വരിസംഖ്യ പ്രവാസികൾക്ക് ഒന്നുകിൽ സാധാരണ ബാങ്കിംഗ് മാർഗ്ഗത്തിലൂടെ വിദേശത്ത് നിന്നും അയയ്ക്കുകയോ, അല്ലെങ്കിൽ അവരുടെ എൻ.ആർ.ഇ / എഫ്.സി.എൻ.ആർ/ എൻ.ആർ.ഒ അക്കൗണ്ടിലുള്ള നിക്ഷേപത്തിൽ നിന്നോ അടയ്ക്കാവുന്നതാണ്. വാർഷിക പെൻഷൻ / കരുതൽ ശേഖരം വിദേശത്തേക്ക് അയയ്ക്കുന്നതിന് യാതൊരു നിയന്ത്രണവും ഉണ്ടാകുന്നതല്ല.

**Follow us on : @canarabanktweet**

**Subscribe to our YouTube : CanaraBankOfficial**

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

Canara Bank



താങ്കളുടെ പണം സുരക്ഷിതമായി താങ്കളുടെ സ്വന്തം ബാങ്കിൽ തന്നെ നിക്ഷേപിക്കാൻ ഉതകുന്ന രീതിയിൽ വളരെ മെച്ചപ്പെട്ട പലിശ നിരക്കുകൾ താഴെ പറയുന്ന പ്രവാസി നിക്ഷേപങ്ങൾ വഴി നല്കുന്നതാണ്.

### എഫ്.സി.എൻ.ആർ. നിക്ഷേപനിരക്കുകൾ (വാർഷിക %)*

(01.02.2019 മുതൽ)

| നിക്ഷേപ കാലാവധി | CURRENCY OF DEPOSITS | | | | |
|---|---|---|---|---|---|
| | USD | GBP | EUR | CAD | AUD |
| 1 വർഷവും അതിനു മുകളിൽ 2 വർഷത്തിന് താഴെ | 3.50 | 1.47 | 0.31 | 2.95 | 2.48 |
| 2 വർഷവും അതിനു മുകളിൽ 3 വർഷത്തിന് താഴെ | 3.42 | 1.61 | 0.36 | 2.71 | 2.41 |
| 3 വർഷവും അതിനു മുകളിൽ 4 വർഷത്തിന് താഴെ | 3.33 | 1.68 | 0.44 | 2.72 | 2.41 |
| 4 വർഷവും അതിനു മുകളിൽ 5 വർഷത്തിന് താഴെ | 3.31 | 1.73 | 0.54 | 2.73 | 2.61 |
| 5 വർഷത്തേക്ക് മാത്രം | 3.31 | 1.77 | 0.67 | 2.74 | 2.67 |

കുറിപ്പ്:മേൽപ്പറഞ്ഞ പലിശ നിരക്കുകൾ ഒരു മില്ല്യൻ യു.എസ്.ഡോളർ താഴെയുള്ള എഫ്.സി.എൻ.ആർ ഡെപ്പോസിറ്റുകൾക്കു (മറ്റു കറൻസികളിൽ തത്തുല്യമായ തുക) മാത്രമേ ബാധകമാകൂ. ഒരു മില്ല്യൻ യു.എസ്.ഡോളർ (മറ്റു കറൻസികളിൽ തത്തുല്യതുക) മുകളിലുള്ള ഡെപ്പോസിറ്റുകൾക്ക് പലിശ നിരക്കിനായി ഞങ്ങളുടെ ബ്രാഞ്ചുമായി ബന്ധപ്പെടുക.

### എൻ.ആർ.ഇ. (NRE) നിക്ഷേപനിരക്കുകൾ * (01.11.2018 മുതൽ)

| *നിക്ഷേപ കാലാവധി* | *Rate of Interest (%)* | |
|---|---|---|
| | *Less than Rs.1.00 crore* | *Rs.1.00 crore to less than Rs.10 Crore #* |
| 1 വർഷം | 7.00 | 6.50 |
| 1 വർഷത്തിന് മുകളിൽ, 2 വർഷത്തിൽ താഴെ | 7.00 | 6.25 |
| 2 വർഷവും അതിന് മുകളിൽ 3 വർഷത്തിൽ താഴെ | 6.70 | 6.25 |
| 3 വർഷവും അതിന് മുകളിൽ 5 വർഷത്തിൽ താഴെ | 6.20 | 4.90 |
| 5 വർഷവും അതിന് മുകളിൽ 8 വർഷത്തിൽ താഴെ | 6.20 | 4.90 |
| 8 വർഷവും അതിന് മുകളിൽ 10 വർഷം വരെ | 6.20 | 4.90 |
| **444 ദിവസം (കാനറാ ശിഖർ) | 7.05 | -NA- |
| **555 ദിവസം (കാനറാ ശിഖർ) | 7.10 | -NA- |

കുറഞ്ഞ കാലാവധി എൻ.ആർ.ഇ റ്റേം ഡിപ്പോസിറ്റ് 1 വർഷവും കൂടിയ കാലാവധി 10 വർഷവും

1 കോടി രൂപക്ക് മുകളിൽ ഉള്ള നിക്ഷേപങ്ങളുടെ പലിശ വിവരം അറിയുവാൻ ബ്രാഞ്ച് മാനേജറെ സമീപിക്കുക.

| NRE /NRO സേവിങ്സ് ബാങ്ക് നിക്ഷേപനിരക്കുകൾ 01.09.2017 മുതൽ | |
|---|---|
| 50 ലക്ഷം വരെ ബാലൻസ് | 3.50% |
| 50 ലക്ഷത്തിന് മുകളിൽ ബാലൻസ് | 4.00% |

## നോൺ റസിഡന്റ് ഓർഡിനറി (എൻ ആർ ഒ) റുപ്പി സ്ഥിര നിക്ഷേപ നിരക്കുകൾ (01.11.2018 മുതൽ പ്രാബല്യത്തിൽ)

| *നിക്ഷേപത്തിന്റെ കാലാവധി* | *1 കോടി രൂപയിൽ കുറഞ്ഞത്* | *1 കോടി മുതൽ 10 കോടിയിൽ കുറഞ്ഞത്* # | |
|---|---|---|---|
| | | *(കാലാവധിക്കു മുമ്പ് പിൻവലിക്കാവുന്നത്)* * | *(കാലാവധിക്കു മുമ്പ് പിൻവലിക്കാനാവാത്തത്)* ++ |
| 7 ദിവസം മുതൽ 14 ദിവസം വരെ * | 5.75 | 5.30 | -ബാധകമല്ല- |
| 15ദിവസം മുതൽ 30 ദിവസം വരെ | 5.75 | 5.30 | -ബാധകമല്ല- |
| 31 ദിവസം മുതൽ 45 ദിവസം വരെ | 5.75 | 5.30 | -ബാധകമല്ല- |
| 46 ദിവസം മുതൽ 60 ദിവസം വരെ | 6.25 | 6.30 | 6.35 |
| 61 ദിവസം മുതൽ 90 ദിവസം വരെ | 6.25 | 6.75 | 6.80 |
| 91 ദിവസം മുതൽ 120 ദിവസം വരെ | 6.25 | 6.75 | 6.80 |
| 121 ദിവസം മുതൽ 179 ദിവസം വരെ | 6.25 | 6.75 | 6.80 |
| 180 ദിവസം മുതൽ 269 ദിവസം വരെ | 6.35 | 6.75 | 6.80 |
| 270 ദിവസം മുതൽ 1 വർഷം വരെ | 6.40 | 6.35 | 6.40 |
| 1 വർഷം മാത്രം | 7.00 | 6.50 | 6.55 |
| 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 7.00 | 6.25 | 6.30 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 6.70 | 6.25 | 6.30 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 6.20 | 4.90 | 4.95 |
| 5 വർഷവും അതിനു മുകളിലും എന്നാൽ 8 വർഷത്തിൽ താഴെ | 6.20 | 4.90 | ക്വോട്ട് ഇല്ല@ |
| 8 വർഷവും അതിനു മുകളിലും എന്നാൽ 10 വർഷത്തിൽ താഴെ | 6.20 | 4.90 | ക്വോട്ട് ഇല്ല @ |
| 444 ദിവസം (കനറാ ശിഖർ) | 7.05 | -ബാധകമല്ല- | -ബാധകമല്ല- |
| 555 ദിവസം (കനറാ ശിഖർ) | 7.10 | -ബാധകമല്ല- | -ബാധകമല്ല- |

# കനറാ ബാങ്ക് എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ – ഫെബ്രുവരി 2019

# 1 കോടി രൂപയോ അതിനു മുകളിലുള്ളതോ ആയ ഒറ്റ വലിയ നിക്ഷേപങ്ങൾക്കുള്ള പലിശയുടെ വിവരങ്ങൾക്കായി ബ്രാഞ്ച് മാനേജരെ സമീപിക്കുക.

* നിരക്കുകൾ 5 ലക്ഷമോ അതിനു മുകളിലുള്ളതോ ആയ ഒറ്റ നിക്ഷേപങ്ങൾക്കു മാത്രം ബാധകം.

++ **കാലാവധിക്കു മുമ്പ് പിൻവലിക്കാൻ അനുമതിയില്ലാത്ത** ഒറ്റ വലിയ നിക്ഷേപങ്ങൾ

@ ബാങ്ക്,കാലാവധിക്ക് മുമ്പ് പിൻവലിക്കാനാവാത്ത 5 വർഷമോ അതിനു മുകളിലുള്ള കാലാവധിയോടു കൂടിയ വലിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്നില്ല.

* ഇവിടെ കൊടുത്തിരിക്കുന്ന നിരക്കുകൾ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. ഏറ്റവും പുതിയ നിരക്കുകൾക്കായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക. (ലിങ്ക്): http://www.canarabank.com/english/quick-access/interest-rates/deposit-accounts-rates-at-a-quick-glance-as-per-rbi-format/

**കനറാ ബാങ്ക് സ്വയം ഈ–മെയിൽ വഴിയായി യാതൊരു വിവരവും ആവശ്യപ്പെടുന്നതല്ല. അപ്രതീക്ഷിതമായ ഇടങ്ങളിൽ നിന്നും വരുന്ന ഈ–മെയിൽ വഴി പ്രത്യക്ഷപ്പെടുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ ദുരുദ്ദേശപരമായ കോഡുകൾ കണ്ടേക്കാം, അല്ലെങ്കിൽ അവ സാമ്പത്തിക വിവരങ്ങൾ ചോർത്തിയെടുക്കാനുള്ള ശ്രമമായേക്കാം.** ബാങ്ക്, ഈ–മെയിൽ/ഫോൺ/മറ്റ് മാദ്ധ്യമങ്ങൾ വഴി നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ ഉറപ്പിക്കാൻ ഒരിക്കലും ആവശ്യപ്പെടുകയില്ല. അപ്രകാരമുള്ള സംഭവങ്ങൾ ഉടനടി **reportphishing@canarabank.com;cbgimb@canarabank.com**എന്ന വിലാസത്തിൽ റിപ്പോർട്ട് ചെയ്യുക.

താങ്കളുടെ ബാങ്കിംഗ് അനുഭവങ്ങൾ ലളിതവും ഹൃദ്യവുമാക്കാനായി കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ അടുത്ത ന്യൂസ് ബുള്ളറ്റിൻ പ്രതീക്ഷിക്കുക. താങ്കളുടെ അമൂല്യമായ പ്രതികരണങ്ങളും നിർദ്ദേശങ്ങളും എല്ലായ്പോഴും സ്വാഗതം ചെയ്യുന്നു.

(ഈ–മെയിൽ : nrihub@canarabank.com; nrihelpdesk@canarabank.com)

ബന്ധപ്പെടാനുള്ള നമ്പർ – 080 22538565/18004250018

സമാഹരണം: സെന്റ്രലൈസ്ഡ് എൻ ആർ ഐ ഹബ്ബ്, മാർക്കെറ്റിംഗ് & റീട്ടെയിൽ റിസോഴ്സസ് വിംഗ്, ഹെഡ് ഓഫീസ്, ബാംഗ്ലൂർ

**ബാദ്ധ്യതാ നിരാകരണം** : ഈ ബുള്ളറ്റിന്റെ ഉള്ളടക്കം വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കിയവയാണ്. ഈ വിവരങ്ങൾ സമാഹരിക്കുമ്പോൾ അവ കൃത്യവും യഥാർത്ഥവുമാണെന്ന് ഉറപ്പു വരുത്താൻ പൂർണ്ണമായും ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ ന്യൂസ് ബുള്ളറ്റിനിൽ കൊടുത്ത നിയമങ്ങളുടെ വ്യാഖ്യാനത്തെ സംബന്ധിച്ചോ ഇതിലെ പിഴവുകളോ വീഴ്ചകളോ സംബന്ധിച്ചോ കനറാ ബാങ്കിന് ഉത്തരവാദിത്വമില്ല.